നിലമ്പൂർ പ്രദേശത്തെ റബ്ബർ തോട്ടങ്ങൾ

144 [409] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള നിലമ്പൂർ പ്രദേശത്തെ റബ്ബർ തോട്ടങ്ങൾ ആർക്കെങ്കിലും കൈമാറാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആർക്ക്;

(സി) എന്തു വ്യവസ്ഥയിൽ?

ഉത്തരം

(എ), (ബി), (സി) പുഞ്ചക്കൊല്ലിയിലും നിലമ്പൂരിലും ഉള്ള വനം വകുപ്പു വക റബ്ബർ തോട്ടങ്ങൾ കേരള പ്ലാന്റേഷൻ കോർപ്പറേഷന് കൈമാറുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ട്. ഇതുവരെ യാതൊരു തീരുമാനവും കൈക്കൊണ്ടിട്ടില്ല.

മാവൂർ ഗ്വാളിയർ റയോൺസ് ഫാക്ടറിക്ക് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ

145 [410] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്വാളിയർ റയോൺസ് ഫാക്ടറിക്ക് ആവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ നൽകുന്നതിനുവേണ്ടി ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്.

(ബി) അസംസ്കൃത വിഭവങ്ങൾ നൽകുന്നതിന് റയോൺസുമായി ഉണ്ടാക്കിയിരുന്ന കരാറിന്റെ കാലാവധി 19-1-1983-ൽ അവസാനിച്ചു എങ്കിലും 1984-85-ൽ ഒരു ലക്ഷത്തിരണ്ടായിരം ടണ്ണും 1985-86-ൽ നാല്പതിനായിരം ടണ്ണും ഹൈക്കോടതി ഉത്തരവ് അനുസരിച്ച് കമ്പനിക്ക് അഡ്ഹോക്ക് അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ മൃഗാശുപത്രികൾ

146 [411] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മൃഗാശുപത്രികളും ക്ലിനിക്കുകളും മറ്റു മൃഗചികിൽസാ കേന്ദ്രങ്ങളും ഉണ്ട്;

(ബി) ഈ സ്ഥാപനങ്ങളിൽ 1983-84, 1984-85 എന്നീ വർഷങ്ങളിൽ എത്ര മൃഗങ്ങൾക്ക് ചികിൽസ നൽകി; അതിൽ പശുക്കൾ എത്ര; എരുമകൾ എത്ര; ആടുകൾ എത്ര; മറ്റു മൃഗങ്ങൾ എത്ര;

LIBRARY ARCHIVES Kerala Legislative Assembly